മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ

18 (*198) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി കഴിഞ്ഞ വർഷം എത്ര കോടി രൂപ അനുവദിച്ചു ; ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ജീർണ്ണാവസ്ഥയിലായ ക്ഷേത്ര കുളങ്ങളുടേയും ചിറകുകളുടേയും സംരക്ഷണത്തിനായി ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ വരാത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണത്തിനായി സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ആസ്തി സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും എന്നാൽ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ മലബാറിലെ ക്ഷേത്രങ്ങൾക്ക് ഓരോ സാമ്പത്തിക വർഷത്തിലും മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായനിധിയിൽ തുക അനുവദിച്ചു വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം ഈ തുക വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച വർഷത്തിൽ (2008-09) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനായി ഒരു കോടി 75 ലക്ഷം രൂപ 717 ക്ഷേത്രങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2009-10 വർഷത്തിൽ 727 ക്ഷേത്രങ്ങൾക്കായി മൂന്നു കോടി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി 3 കോടി രൂപ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 892 ക്ഷേത്രങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ ലിസ്റ്റിൽ സ്വകാര്യ ക്ഷേത്രങ്ങളും പട്ടികജാതി/പട്ടികവർഗ്ഗക്കാർ നടത്തുന്ന സ്വകാര്യ ക്ഷേത്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിക്കുന്ന തുകയിൽ നിന്നാണ് ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) 2 കോടി 8 ലക്ഷം രൂപ അനുവദിച്ചു. ഈ വർഷം (2010-2011) ഇതിനായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിന്റെ ഭാഗമായി ചിറകളുടെയും സംരക്ഷണം ഉൾപ്പെടുത്താറുണ്ട്. ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി തുക അനുവദിക്കാറുണ്ട്. എന്നാൽ കുളങ്ങളുടെയും, ചിറകളുടെയും സംരക്ഷണത്തിന് മാത്രമായി പ്രത്യേക ധനസഹായം അനുവദിക്കാറില്ല.

(ഡി) ഉണ്ട്. ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ 10% മുതൽ 15% വരെയുള്ള തുകയാണ് സ്വകാര്യ ക്ഷേത്രങ്ങൾക്കായി അനുവദിക്കുന്നത്.

(ഇ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് ഭരണ നിയന്ത്രണം മാത്രമേയുള്ളൂ. ഈ ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ക്ഷേത്ര ഭരണം നടത്തുന്നതിനുള്ള അവകാശം ക്ഷേത്ര ട്രസ്റ്റി ബോർഡിനായതിനാൽ ആസ്തി ബാദ്ധ്യതകളുടെ സംരക്ഷണവും അവരുടെ കൈകളിലാണ്. ആസ്തി സംരക്ഷണത്തിന് ഒരു ഏകീകൃത സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്മശാനങ്ങളുടെ കുറവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

19 (*199) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്മശാനങ്ങളുടെ കുറവുമൂലം സംസ്കാരം നടത്തുന്നതിന് ചില സ്ഥലങ്ങളിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ശ്മശാന നിർമ്മിതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏത്ര പഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ശ്മശാന നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിക്കുന്നത് ; ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവും പ്രാദേശികമായി ഉണ്ടാകുന്ന എതിർപ്പുകളുമാണ് പൊതുശ്മശാനം സ്ഥാപിക്കുന്നതിന് തടസ്സമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly